കവിത

# ഓർമകൾ

● നബീല കാരകുന്ന്, കുവൈത്ത്



താരങ്ങളെ നോക്കി ആശ്ചര്യം പൂണ്ടൊരു
ബാല്യകാലമിന്നെൻ സ്മരണയിൽ വീണ്ടും,
ഓടിക്കളിച്ചു തളർന്നൊരു നേരത്ത്
വാരിപ്പുണർന്നങ്ങു കൊഞ്ചിച്ചവരെൻ
സ്വപ്നത്തിൽ വീണ്ടും,
പോയകാലങ്ങളിൽ ബാക്കി നിന്നതാ
ഓർമകൾ മാത്രമാണിന്നെന്റെ കൂടെ.
കള്ളങ്ങൾ, കളങ്കങ്ങളില്ലാത്ത പുഞ്ചിരി
നിലച്ചുപോയ് കാലങ്ങളായ്,
ഇന്നെൻ മനസ്സിന്റെ കോണിലെങ്ങോ
തേങ്ങലടിച്ചു നിലയ്ക്കാതെ,
ഒരു മുള്ളിന്റെ മുനപോലുമേൽക്കാതെ,
നോവാതെ കാത്തിരുന്നവരെങ്ങോ പോയ്
ഇന്നെനിക്കറിയാം, പ്രാപ്തിയായെങ്കിലും
ബാല്യകാലമെത്ര സുന്ദരം, മനോഹരം.
മുത്തശ്ശൻ തന്നുടെ കൈപിടിച്ചോടുന്ന
വരമ്പുകൾ, പാടങ്ങൾ
എങ്ങെങ്ങോ പോയ് പോയ്
തോർത്തെടുത്തൊത്തിരി
പരൽമീൻ പിടിച്ചൊരാ
കുഞ്ഞിത്തോടുകൾ കാണാതായ്
ഇണക്കങ്ങൾക്കിടയിൽ കുഞ്ഞുപിണക്കങ്ങളുമായ്
കൊഞ്ചിയ തോഴരൊക്കെ പോയ് മറഞ്ഞു.
എല്ലാവരും മാറിപ്പോയ്, എല്ലാം മാറിപ്പോയ്
മാറ്റങ്ങളില്ലാത്തത് മാറ്റത്തിനു
മാത്രമെന്നൊരു മഹാനന്നു
ചൊല്ലിയ മൊഴിമുത്തുപോൽ.

# വിരഹത്തിൻ നൊമ്പരം

● റഷീദ സുബൈർ, മനാമ ബഹ്റൈൻ



നെഞ്ചിലെരിയും കനലായ്
വിരഹത്തിൻ വേദനകൾ
എവിടെ നിന്നോ ഒഴുകിയെത്തിയ
പാട്ടിൻ ഇശലുകൾ
അടുത്തു വന്നു സാന്ത്വനമേകാതെ
തിരിച്ചുപോയി.
മോഹങ്ങളെ മനസ്സിലെ
തടവറക്കുള്ളിൽ
ചങ്ങലകളാൽ തളച്ചിടുന്നു.
നിദ്രകൾ പേടിസ്വപ്നമായ്
ആനന്ദം മരീചികയായ്
പുഞ്ചിരിക്കും മുഖങ്ങളിലെല്ലാം
വിരഹത്തിൻ നൊമ്പരങ്ങൾ.
ഏകാന്തതയുടെ നൂൽപാലത്തിൽ
ആടിയുലഞ്ഞു മുന്നേറുന്നു
ജീവിതത്തിൻ രണ്ടറ്റങ്ങളെ
കൂട്ടിമുട്ടിക്കാൻ.